**Young Ebullient Students (YES) India**
Regd. Under SRA - No. 736/2005
Head Quarter, IIIrd Floor, Meyon Building
Near SBI, Jail Road, Calicut -673004
+91 9747567176, email id : yesindiamail@gmail.com

Date:24/05/2018

# മലബാറിലെ എം.എൽ.എ.മാർക്കൊരു തുറന്ന കത്ത് ...!

മലബാർ മേഖലയിൽ കഴിഞ്ഞ പതിമൂന്നു വർഷക്കാലമായി വിദ്യാർത്ഥികളുടെ, വിശിഷ്യാ, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ അക്കാദമിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കോളേജ് വിദ്യാർത്ഥികളുടെ സന്നദ്ധ സംഘടനയാണ് യങ് എബുല്യന്റ് സ്റ്റുഡന്റ്സ് (യെസ്) ഇന്ത്യ.

ഇന്നിവിടെ ഞങ്ങൾ അസ്വസ്ഥരാണ്...! പ്ലസ്ടു വിജയിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടും പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോഡ് തുടങ്ങിയ കേരളത്തിലെ വടക്കൻ ജില്ലകളിൽ ഉപരിപഠന സാധ്യതകൾ നന്നേ കുറവാണ്. തെക്കൻ കേരളത്തിൽ നിരവധി എയ്ഡഡ് കോളേജുകളുള്ളതിനാൽ ഒരു പരിധി വരെ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുമ്പോൾ വടക്കൻ കേരളത്തിൽ നാലിലൊന് വിദ്യാർത്ഥികൾക്ക് പോലും സർക്കാർ സീറ്റിൽ പഠനം സാധ്യമല്ലാത്ത ദയനീയ സാഹചര്യമാണ് നിലവിലുള്ളത്. ബഹു. പിണറായി സർക്കാർ രണ്ടു വർഷം പൂർത്തിയാക്കുന്ന വേളയിൽ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായിക്കൊണ്ടിരിക്കുന്നു. നമ്മുടെ സർക്കാർ ശരിയായ ദിശയിൽ തന്നെ. എന്നാൽ നാമേവരും കാത്തിരിക്കുന്ന നവകേരളം സാധ്യമാകണമെങ്കിൽ ഉന്നത വിദ്യാഭ്യാസ മേഖലയും മികവിന്റെ കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്.

കൂടുതൽ സർക്കാർ കോളേജുകളും, സർക്കാർ കോളേജുകളിൽ കൂടുതൽ കോഴ്സുകളും, നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനയുമാണ് ഒരു പരിഹാരം. സർക്കാർ, എയ്ഡഡ് കോളേജുകളിൽ കാലത്തിനൊത്ത നൂതനമായ കോഴ്സുകൾ ഉദാഹരണത്തിന് ഭൂമിശാസ്ത്രം, സമുദ്രശാസ്ത്രം, ഭൂഗർഭശാസ്ത്രം, നരവംശശാസ്ത്രം, തുടങ്ങിയ ദുർലഭം കോഴ്സുകൾക്കൊപ്പം മാനവിക, ശാസ്ത്ര വിഷയങ്ങളും പരിഗണിച്ച് പ്രസ്തുത കോളേജുകളും കോഴ്സുകളും തുടങ്ങുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ വിദ്യാർത്ഥി സമൂഹത്തിന് വേണ്ടി ആവശ്യപ്പെടുന്നു.

മലബാറിലെ വിവിധ നിയോജകമണ്ഡലങ്ങളിലെ ബഹുമാന്യരായ ജനപ്രതിനിധികളെ, നിങ്ങളോട് ഏതാനും ചോദ്യങ്ങൾ .......2018 മെയ് 10 ന് കേരളത്തിലെ ഹയർസെക്കണ്ടറി രണ്ടാം വർഷ വിദ്യാർത്ഥികളുടെ ഫലം പ്രഖ്യാപിച്ചുവല്ലോ.

1. നിങ്ങളുടെ മണ്ഡലത്തിൽ എത്ര വിദ്യാർത്ഥികൾ പ്ലസ്ടു പരീക്ഷ എഴുതി ?
2. അതിൽ എത്ര പേർ പാസ്സായി ?
3. എത്രപേർക്ക് എല്ലാ വിഷയത്തിലും എ പ്ലസ് ഗ്രേഡ് ലഭിച്ചു. ?
4. എത്ര പേർക്ക് മുഴുവൻ മാർക്കും ലഭിച്ചു (1200/1200) ?
5. ഇവർക്കെല്ലാം ഉപരിപഠനത്തിനുള്ള സാഹചര്യങ്ങൾ നിങ്ങളുടെ മണ്ഡലത്തിലൊ ജില്ലയിലോ ഉണ്ടോ ?
6. ഇനി പ്രൊഫഷണൽ കോഴ്സുകൾ തിരഞ്ഞെടുക്കുന്നവരുണ്ടെങ്കിലും അവർക്ക് പുറമെ സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കാൻ താൽപര്യമുള്ളവർക്ക് അതിനുള്ള അവസരം മണ്ഡലത്തിൽ ഉണ്ടോ ?
7. അങ്ങിനെ ഉപരിപഠനത്തിനായി പുതു അവസരങ്ങൾ സൃഷ്ടിക്കുവാൻ വല്ല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ടോ ?
8. ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

2018-2019 അധ്യയന വർഷം പടിവാതിലിലെത്തി. പ്രസ്തുത വിഷയത്തോടുള്ള നിങ്ങളുടെ അർത്ഥവത്തും പ്രായോഗികവുമായ മറുപടി പ്രതീക്ഷിച്ചുകൊണ്ട് നിർത്തട്ടെ.

എന്ന്
വിശ്വസ്തതയോടെ,

അക്ഷയ് കുമാർ.ഒ
ജനറൽ സെക്രട്ടറി
യെസ് ഇന്ത്യ
9747567176